

കോഴിക്കോട് മുനിസിപ്പൽ
കോർപ്പറേഷൻ



# K M C
# News

മാർച്ച് 2016







കോഴിക്കോട് കോർപ്പറേഷന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെ ഒരു ഇ–ന്യൂസ് പേജ് അവതരിപ്പിക്കുന്നതിൽ അതീവ സന്തോഷമുണ്ട്. ഇ - ഗവേർണൻസ് രംഗത്ത് പല നേട്ടങ്ങളും കോർപ്പറേഷൻ ഇതിനകം കൈവരിച്ചിട്ടുണ്ട്. ഇപ്പോൾ ഇ - ന്യൂസ്‌ലെറ്ററിനു തുടക്കമിടുക വഴി കോർപ്പറേഷനെ സംബന്ധിച്ചുള്ള വാർത്തകളും മറ്റും പൊതുജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുകയാണ്.



വി.കെ.സി. മമ്മദ്കോയ

മേയർ



കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെ ഇ-ന്യൂസ്ലെറ്റർ പ്രസിദ്ധീകരിക്കുകയാണ്. കോർപ്പറേഷൻ കൗൺസിലിന്റെ പുതുസംര ഭങ്ങളും പദ്ധതികളും മറ്റും പൊതുജനങ്ങളി ലേക്കെത്തിക്കുകയാണ് ഇതിലൂടെ ലക്ഷ്യ മിടുന്നത്. ഒപ്പം ഇ ഗവേർണൻസ് രംഗത്ത് മറ്റൊരു നേട്ടം കൂടെ കൈവരിക്കാനായ തിലും അതീവ സന്തോഷമുണ്ട്.



മീര ദർശക്

ഡെപ്യൂട്ടി മേയർ



കോഴിക്കോട് കോർപ്പറേഷന്റെ ഔദ്യോഗിക വെബ് സൈറ്റിലൂടെ ഇ-ന്യൂസ് ലെറ്റർ പ്രസിദ്ധീകരണമാരംഭിക്കുന്ന വിവരം അറിയിക്കുന്നതിൽ വളരെ സന്തോഷമുണ്ട്. ഇ-ഗവേണൻസ് രംഗത്ത് ഇത് ഒരു നാഴികക്കല്ലായിരിക്കുമെന്നും ജനങ്ങൾക്ക് ഏറെ പ്രയോജനപ്രദമായിരിക്കുമെന്നും വിശ്വസിക്കുന്നു. എല്ലാ ആശംസകളും നേരുന്നു.



ടി.പി.സതീശൻ

കോർപ്പറേഷൻ സെക്രട്ടറി

## കോഴിക്കോട് കോർപ്പറേഷന്റെ പുതിയ കൗൺസിൽ ചുമതലയേറ്റു





കോഴിക്കോട് കോർപ്പറേഷന്റെ പുതിയ 75 അംഗ കൗൺസിൽ 2015 നവംബർ 12 ന് രാവിലെ 11.30 ന് ടാഗോർ സെന്റിനറി ഹാളിൽ നടന്ന ചടങ്ങിൽ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു.



75 അംഗ കൗൺസിലിൽ സിപിഐ (എം)– 44, കോൺഗ്രസ്സ്–10, ബി.ജെ.പി.– 7, മുസ്ലിം ലീഗ് –3, ജനതാദൾ (യു) –3, എൻ.സി.പി–2, സി.പി.ഐ.–1, എൽ.ഡി.എഫ് സ്വതന്ത്രൻ –1 എന്നിങ്ങനെയാണ് കക്ഷി നില. 37 സംവരണ സീറ്റുകൾ കൂടാതെ നാലു ജനറൽ സീറ്റുകളിലും ജയിച്ചവരുൾപ്പെടെ 41 വനിതകളാണ് ഇത്തവണ കൗൺസിലിൽ ഉള്ളത്.



## വികസന സെമിനാർ



കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന്റെ 2016–17 വികസന സെമിനാർ 2016 മാർച്ച് 3 ന് രാവിലെ 10 മണിക്ക് പുതിയറ എസ്.കെ. പൊറ്റക്കാട്ട് ഹാളിൽ ബഹു.കോർപ്പറേഷൻ മേയർ ശ്രീ.വി.കെ.സി.മമ്മദ്കോയ ഉദ്ഘാടനം ചെയ്തു. വിവിധ വാർഡുകളിൽ നിന്നും വാർഡ്സഭകൾ ചേർന്ന് ലഭിച്ച നിർദ്ദേശങ്ങളും വിവിധ വിഷയ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദ്ദേശങ്ങളും വികസന സെമിനാറിൽ അവതരിപ്പിച്ചിരുന്നു.പ്രസ്തുത നിർദ്ദേശങ്ങൾ വികസന സെമിനാറിൽ ചർച്ച ചെയ്യുകയും ക്രോഡീകരിച്ച് അവതരിപ്പിക്കുകയും ചെയ്തു. ഭരണസമിതിയുടെ അംഗീകാരത്തോടുകൂടി പ്രൊജക്റ്റുകൾ തയ്യാറാക്കി വിവിധ പരിശോധന ഉദ്യോഗസ്ഥർ അംഗീകരിച്ച ശേഷം പദ്ധതി അനുമതിക്കായി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

## അമൃത് പദ്ധതി

ഭാരത സർക്കാറിന്റെ നഗര വികസന മന്ത്രാലയത്തിനു കീഴിലുള്ള പദ്ധതിയാണ് 'അടൽമിഷൻ ഫോർ റിജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫർമേഷൻ' അഥവാ 'അമൃത്' എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്നത്. എല്ലാ കുടുംബങ്ങൾക്കും ശുദ്ധ ജലം ലഭ്യമാക്കുക, വീടുകളിലെ മലിനജലം നീക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക തുടങ്ങി പൊതുജനങ്ങളെ നേരിട്ടു ബാധിക്കുന്ന അടിസ്ഥാന ആവശ്യങ്ങളിൽ കൂടുതൽ മികച്ച സേവനം ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. കൂടാതെ ജീവിത നിലവാരത്തിൽ പിന്നോക്കം നിൽക്കുന്നവരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ ജന വിഭാഗങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുക എന്നതും ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളിൽപ്പെടുന്നു.

2015–2016 മുതൽ 2019–2020 സാമ്പത്തിക വർഷം വരേയുള്ള അഞ്ച് വർഷക്കാലമാണ് ഈ പദ്ധതിയുടെ നിർവ്വഹണ കാലയളവ്. എല്ലാ കുടുംബങ്ങൾക്കും ശുദ്ധജലം വിതരണം ചെയ്യുതോടൊപ്പം മലിനജലം നീക്കം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഉറപ്പാക്കുക, തുറസ്സായ സ്ഥലങ്ങൾ സംരക്ഷിച്ച് ഹരിതാഭമാക്കുക, കാൽനടയാത്രക്കാർക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, യന്ത്രവൽകൃതമല്ലാത്ത ഗതാഗത സംവിധാനങ്ങൾ, പൊതു ഗതാഗത സംവിധാനങ്ങൾ എന്നിവയ്ക്കുള്ളഅടിസ്ഥാന സൗകര്യങ്ങൾ

നിർമ്മിച്ച് കൊണ്ട് പരിസ്ഥിതി മലിനീകരണം തടയുക തുടങ്ങിയവയാണ് ഈ പദ്ധതി പ്രധാനമായും ഊന്നൽ നൽകുന്ന വിഷയങ്ങൾ.

ശുദ്ധജല വിതരണം (Water Supply), മലിനജല സംസ്കരണം, കക്കൂസ് മാലിന്യ സംസ്കരണം, മഴവെള്ള നിർഗമന സംവിധാനം (Storm Water Drainage), നഗര ഗതാഗതം (Urban Transport), ഹരിതാഭമായ സ്ഥലങ്ങളും പാർക്കുകളും (Green Space & Parks), കാര്യശേഷി വർദ്ധനവ് (Capacity building), റീഫോംസ് പ്രവർത്തനങ്ങൾ (Implementation of reforms) എന്നിവയാണ് പദ്ധതി ഘടകങ്ങൾ.

ഒരു ലക്ഷത്തിന് മുകളിൽ ജനസംഖ്യയുള്ള നഗരങ്ങൾ, ഹെറിറ്റേജ് സിറ്റികളായി നഗര വികസന മന്ത്രാലയം 'ഹൃദയ്' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള നഗരങ്ങൾ, പ്രധാന നദികളുടെ തീരങ്ങളിൽ സ്ഥിതി ചെയ്യുന്ന 75000 ത്തിനും ഒരു ലക്ഷത്തിനും ഇടയിൽ ജനസംഖ്യയുള്ള നഗരങ്ങൾ എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കേരളത്തിൽ നിന്നും തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട്, കണ്ണൂർ കോർപ്പറേഷനുകളും ആലപ്പുഴ, പാലക്കാട്, ഗുരുവായൂർ നഗരസഭകളുമാണ് പദ്ധതി നടപ്പിലാക്കുന്നതിനായി തിരഞ്ഞെടുത്തിട്ടുള്ളത്. പദ്ധതിയുടെ ചിലവിന്റെ 50% കേന്ദ്ര സർക്കാരും, 30% സംസ്ഥാന സർക്കാരും 20% പദ്ധതി നടപ്പിലാക്കുന്ന നഗരസഭയുമാണ് വഹിക്കേണ്ടത്.

കേരളത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിനാണ് പദ്ധതിയുടെ ചുമതല. തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിയായ ശ്രീ. എ.പി. എം മുഹമ്മദ് ഹനീഷ് ഐ.എ.എസ് ആണ് പദ്ധതിയുടെ മിഷൻ ഡയറക്ടർ. കേരള സുസ്ഥിര നഗര വികസന പദ്ധതിയുടെ പ്രോജക്ട് ഡയരക്ടർ ആണ് നോഡൽ ഓഫീസർ. പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാന തലത്തിൽ സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റും, പദ്ധതി പ്രദേശങ്ങളിൽ സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റുകളും രൂപീകരിച്ചിട്ടുണ്ട്.



അമൃത് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2015 ഡിസംബർ 28 ന് കോഴിക്കോട് ടൗൺഹാളിൽ നടന്ന ചടങ്ങിൽ ബഹു:കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി നിർവ്വഹിച്ചു.

## മാലിന്യ സംസ്ക്കരണം.

കോഴിക്കോട് നഗരം അഭിമുഖീകരിക്കുന്ന മുഖ്യ പ്രശ്നങ്ങളിലൊന്ന് ഖരമാലിന്യങ്ങളുടെ ഫലപ്രദമായ സംസ്കരണമാണ്. പുതിയ കോർപ്പറേഷൻ കൗൺസിലിന്റെ മുഖ്യ അജണ്ടകളിലൊന്നാണ് ഫലപ്രദമായ മാലിന്യ സംസ്കരണം. ഇന്ന് നഗരത്തിലെ മാലിന്യത്തിന്റെ ഒരു പരിധി വരെ കോർപ്പറേഷനിലെ ശുചീകരണ തൊഴിലാളികളും കുടുംബശ്രീ പ്രവർത്തകരും ചേർന്ന് ശേഖരിച്ച് ഞെളിയൻപറമ്പിലെ സംസ്കരണ പ്ലാന്റിൽ എത്തിച്ച് അവിടെ സംസ്കരിച്ച് വളമാക്കി മാറ്റുകയാണ്.

എന്നാൽ ജനസാന്ദ്രതയിലുള്ള വൻകുതിപ്പ് കാരണം കേന്ദ്രീകൃത രീതിയിലുള്ള മാലിന്യ ശേഖരണവും സംസ്കരണവും അപ്രായോഗികമായി തീർന്നിരിക്കുന്നു. ആയതിനാൽ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്ന രീതി പ്രോത്സാഹിപ്പിക്കുവാൻ ആവശ്യമായ കർമ്മപദ്ധതികൾക്ക് കോർപ്പറേഷൻ രൂപം കൊടുത്തിട്ടുണ്ട്.

സെന്റർ ഫോർ റിസർച്ച് & ഡെവലപ്പ്മെന്റ് ഇൻ ഹെൽത്ത്, ഹൈജീൻ&എൻവയോൺമെന്റ് (CHRDEE) എന്ന എൻ.ജി.ഒ.യുമായി സഹകരിച്ച് കോർപ്പറേഷനിലെ 6 വാർഡുകളിൽ പൈലറ്റ് പ്രൊജക്ട് ആയി വീടുകളിൽ തന്നെ ബയോബിന്നുകൾ ഉപയോഗിച്ച് മാലിന്യ സംസ്കരണം നടത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനുള്ള സർവേ നടപടികൾ നടന്നു വരികയാണ്. 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 10000 ത്തോളം വീടുകൾക്ക് ഇതിന്റെ പ്രയോജനം കിട്ടും.

## സ്വച്ഛ്ഭാരത് മിഷൻ.

കേന്ദ്ര സർക്കാറിന്റെ സ്വച്ഛ്ഭാരത് മിഷന്റെ പ്രവർത്തനങ്ങൾ കോഴിക്കോട് കോർപ്പറേഷനിൽ നടന്നു വരികയാണ്. ഇതിന്റെ ഭാഗമായി കുടുംബശ്രീ മുഖേന 75 വാർഡുകളിലുമായി നടത്തിയ സർവ്വേയിൽ 911 വീടുകൾക്ക് ടോയ്‌ലറ്റ് സൗകര്യം ഇല്ലെന്നും 594 വീടുകളിലെ ടോയ്‌ലറ്റുകൾ ഉപയോഗയോഗ്യമല്ലെന്നും കണ്ടെത്തി.

മേൽപറഞ്ഞ 1505 വീടുകൾക്കും പുതിയ ടോയ്‌ലറ്റ് നിർമ്മിക്കാൻ മൂന്ന് ഗഡുക്കളായി 15,400/- രൂപ നൽകുവാൻ തീരുമാനമുണ്ടായി. 2016 ജൂലായ്‌യോടു കൂടി 100% വീടുകൾക്കും ടോയ്‌ലറ്റ് സൗകര്യം എന്ന ലക്ഷ്യം കൈവരിക്കാൻ കഴിയൂം. ഇതു കൂടാതെ 16 പബ്ലിക് ടോയ്‌ലറ്റുകൾ, 9 കമ്മ്യൂണിറ്റി ടോയ്‌ലറ്റുകൾ എന്നിവ പണിയുന്നതിനും കൗൺസിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിന്റെ നടപടി ക്രമങ്ങൾ പുരോഗമിച്ചു വരിയകാണ്.

**കോഴിക്കോട് അർബൻ ഏരിയ ഡവലപ്പ്മെന്റ് പ്ലാൻ**




കോഴിക്കോട് കോർപ്പറേഷൻ, ഫറോക്ക്, രാമനാട്ടുകര മുൻസിപ്പാലിറ്റികൾ, ഒളവണ്ണ, കടലുണ്ടി ഗ്രമപഞ്ചായത്തുകൾ എന്നിവ യുൾപ്പെട്ടതാണ് നിലവിൽ കോഴിക്കോട് അർബൻ ഏരിയ. 1981–2001 കാലയളവിലെ മാസ്റ്റർ പ്ലാനിനെയാണ് ഇപ്പോഴും ആശ്രയി ക്കുന്നത്. മാസ്റ്റർ പ്ലാൻ പരിഷ്കരിക്കാനുള്ള നടപടികൾ 2008–ൽ ആരംഭിക്കകയും തുടർന്ന് 2015–2035 കാലയളവിലേക്കുള്ള മാസ്റ്റർ പ്ലാനിന്റെ ഡ്രാഫ്റ്റ് മുൻ മേയർ ശ്രീമതി. എ.കെ.പ്രേമജം അദ്ധ്യക്ഷ യായിട്ടുള്ള ജോയിന്റ് ടൗൺ പ്ലാനിംഗ് കമ്മിറ്റി 2015 ആഗസ്റ്റിൽ സംസ്ഥാന ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. പുതിയ കൗൺസിൽ അധികാരമേറ്റശേഷം ബഹു: മേയർ ശ്രീ. വി.കെ.സി മമ്മദ്കോയ, മാസ്റ്റർ പ്ലാനിന്റെ ഡ്രാഫ്റ്റ് എത്രയും വേഗം അംഗീകരിക്കാൻ ഗവൺമെന്റിനോടാവശ്യ പ്പെട്ടിരുന്നു. സംസ്ഥാനത്ത് ഇലക്ഷൻ പ്രഖ്യാപിച്ചു കഴിഞ്ഞതിനാൽ ഇനി പുതിയ ഗവൺമെന്റ് അധികാരമേറ്റാൽ മാത്രമെ മാസ്റ്റർ പ്ലാനിന് അംഗീകാരം ലഭിക്കുക യുള്ളൂ. അതിന് ശേഷം ജോയിന്റ് ടൗൺ പ്ലാനിംഗ് കമ്മിറ്റി വീണ്ടും പൊതുജനങ്ങ ളിൽ നിന്നുള്ള നിർദ്ദേശങ്ങളും ഭേദഗതി കളും പരിഗണിച്ച ശേഷം അവകൂടി ഉൾപ്പെടുത്തികൊണ്ടുള്ള ഫൈനൽ മാസ്റ്റർ പ്ലാൻ ഈ വർഷം അവസാനത്തോടുകൂടി നിലവിൽ വരുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.

